(സി) ബോട്ട് സർവ്വീസ് ലാഭകരമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പഴക്കം ചെന്ന ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*:

(എ) 46 ബോട്ടുകൾ.

(ബി) ഇല്ല. ജലഗതാഗത വകുപ്പ് പബ്ലിക് യൂട്ടിലിറ്റി സർവ്വീസായി കണക്കാക്കിയിരിക്കുന്നു.

(സി) ഉണ്ട്. നഷ്ടം കുറയ്ക്കാനായി നിലവിലുള്ള ബോട്ട് സർവ്വീസുകൾക്ക് പുറമേ ടൂറിസം സർവ്വീസ് ആരംഭിക്കുകയും അടിക്കടി അറ്റകുറ്റപ്പണികൾ വരുന്ന തടിബോട്ടുകൾ മാറ്റി പകരം സ്റ്റീൽ/ ഫൈബർ ബോട്ടുകൾ സർവ്വീസിനിറക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) അനുമതി ലഭിച്ച 50 ബോട്ടുകളിൽ 12 സ്റ്റീൽ ബോട്ടുകളും 4 ഫൈബർ ബോട്ടുകളും പഴയവയ്ക്ക് പകരം സർവ്വീസിനിറക്കിയിട്ടുണ്ട്. 6 സ്റ്റീൽ ബോട്ടുകളുടെയും 14 ഫൈബർ ബോട്ടുകളുടെയും നിർമ്മാണം നടന്നുവരുന്നു. ബാക്കിയുള്ള തടി ബോട്ടുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയവ സർവ്വീസിനിറക്കുന്നതാണ്.

വിഴിഞ്ഞം തുറമുഖനിർമ്മാണം

*26 [104] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്ന വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിന് ഇനി പ്രധാനമായും ഏതൊക്കെ കടമ്പകളാണ് കടക്കുവാനുള്ളത്;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് തുടങ്ങാനാവുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു:

1. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നടത്തിപ്പിനായി ഉപദേശം നൽകുവാൻ 2003 വർഷത്തിൽ ഐ.എൽ. ആന്റ് എഫ്. എസ്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തെ നിയോഗിച്ചു.

2. വിശദമായ പഠനങ്ങളും അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളും നടത്തി രൂപരേഖ തയ്യാറാക്കുന്നതിന് അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടൻസിന്റെ ഒരു സംയുക്ത സംരംഭത്തെ ചുമതലപ്പെടുത്തി. എൽ. ആന്റ് ടി. റാംബോൾ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ചെന്നൈ, റാംബോൾ ഡെൻമാർക്ക്, എൽ. ആന്റ് ടി. ക്യാപ്പിറ്റൽ, മുംബൈ, റോഗ മറൈൻ എന്നിവരടങ്ങുന്നതാണ് ഈ സംയുക്ത സംരംഭം.

3. വിഴിഞ്ഞം തുറമുഖ വികസനത്തിന് താൽപര്യം പ്രകടിപ്പിച്ച നിക്ഷേപകരിൽനിന്നും 2003 ഡിസംബർ മാസത്തിൽ അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി. പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ച നിക്ഷേപകരെ ഉൾപ്പെടുത്തി 2004 ഫെബ്രുവരി മാസത്തിൽ ഒരു നിക്ഷേപക സംഗമം നടത്തി. തുടർന്ന് താൽപ്പര്യം പ്രകടിപ്പിച്ച 11 കമ്പനികളിൽ 7 കമ്പനികൾ ദർഘാസുകൾ സമർപ്പിക്കുവാൻ ആർ. എഫ്. പി. (Request for proposal document) രേഖകൾ വാങ്ങുകയുണ്ടായി. 2004 ഡിസംബർ മാസം അവസാനമായിരുന്നു നിക്ഷേപകർ ദർഘാസുകൾ സമർപ്പിക്കേണ്ടിയിരുന്നത്. എന്നാൽ സർക്കാരിന്റെ ചില നിബന്ധനകൾ നിക്ഷേപകർ അംഗീകരിക്കാത്തതുകൊണ്ട് ദർഘാസുകൾ ലഭിച്ചില്ല. പദ്ധതിയുടെ ഭീമമായ മുതൽമുടക്കും കണ്ടെയിനർ ചരക്കു വ്യാപാരത്തിന്റെ സങ്കീർണ്ണതകളും കണക്കിലെടുത്ത് ചർച്ചകൾക്കുശേഷം ചുരുക്കം ചില ഇളവുകൾ അനുവദിച്ച് 2005 ജനുവരി മാസത്തിൽ വീണ്ടും ദർഘാസുകൾ ക്ഷണിക്കുകയുണ്ടായി. ഇതു പ്രകാരം ദർഘാസുകൾ സമർപ്പിക്കേണ്ട അവസാന തീയതി 2005 ജൂലൈ 30 വരെ നീട്ടിയിട്ടുണ്ട്.

4. നാളിതുവരെ 19 കമ്പനികൾ ദർഘാസ് രേഖകൾ വാങ്ങുകയുണ്ടായി. ഇതിൽനിന്നും താൽപ്പര്യമുള്ളതും അനുയോജ്യവുമായവ അംഗീകരിച്ച് സ്വകാര്യ പങ്കാളിയെ കണ്ടെത്തിയാൽ കരാർ ഒപ്പുവയ്ക്കാൻ സാധിക്കും.

വിഴിഞ്ഞം തുറമുഖ വികസന പദ്ധതി ക്യാപ്പിറ്റൽ റീജിയൺ ഡവലപ്പ്മെന്റ് പദ്ധതിയുടെ കീഴിലാണ് നടപ്പിലാക്കുന്നത്. സർക്കാരിന്റെ തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൂടാതെ തീരപഥം അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട് എന്നിവരുടെ കൂട്ടായ പ്രവർത്തനം പ്രയോജനപ്പെടുത്തി പദ്ധതി പ്രവർത്തനവുമായി മുമ്പോട്ടു പോകുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി "വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്" എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് കമ്പനി രൂപീകരിക്കുകയുണ്ടായി. വിഴിഞ്ഞം

LIBRARY ARCHIVES Kerala Legislative Assembly

തുറമുഖത്ത് ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് ഈ കമ്പനിയുടെ പ്രഖ്യാപിതലക്ഷ്യം. ഈ പ്രോജക്ടിലേക്ക് റോഡ്, ട്രെയിൻ ഗതാഗതം, വിദ്യുച്ഛക്തി, ജലസേചനം ഇവ ഏർപ്പെടുത്തുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച് തയ്യാറാക്കുക എന്നീ പ്രാരംഭ പ്രവർത്തനങ്ങൾ ഈ കമ്പനി ചെയ്തുവരുന്നു.

(ബി) ജൂലായ് 30-ന് മുമ്പായി ദർഘാസുകൾ ലഭിക്കുകയും അവ പരിശോധിച്ച് അനുയോജ്യമായ പങ്കാളിയെ കണ്ടെത്തുകയും ചെയ്യുകയാണ് പ്രധാന നടപടി. ഇങ്ങനെ തെരഞ്ഞെടുക്കുന്ന കമ്പനി, നിയമപരമായ അനുമതികൾക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ച്, അവ ലഭ്യമാക്കി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

(സി) കരാർ ഒപ്പുവച്ചുകഴിഞ്ഞാൽ അന്നുമുതൽ ഒരു വർഷത്തിനകം പണി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹാന്റക്സ് ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ

1 [439] *ശ്രീ. പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-ന് ശേഷം എത്ര പ്രാവശ്യം ഹാന്റക്സിലെ ജീവനക്കാർക്ക് ശമ്പളം പരിഷ്കരിച്ച് നൽകിയിട്ടുണ്ട്; ഏതെല്ലാം വർഷങ്ങളിലാണ് പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവ് ഹാന്റക്സ് മാനേജ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ബി) ഹാന്റക്സിൽ ശമ്പളം പരിഷ്കരിക്കുമ്പോൾ എപ്പോഴെങ്കിലും സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 1995-1996-ൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് തൊഴിലാളി യൂണിയൻ പരാതി നൽകിയിട്ടുണ്ടോ;

(ഡി) ഈ പരാതി പ്രകാരം ഏതെല്ലാം തസ്തികകളുടെ ശമ്പളത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നും തസ്തിക, ശമ്പള സ്കെയിൽ ഇവ തിരിച്ച് വ്യക്തമാക്കുകയും ചെയ്യുമോ;

LIBRARY ARCHIVES Kerala Legislative Assembly